


ഫോട്ടോ: ഹരി പാമ്പൂർ

**പ്ലാച്ചിമടയുടെ സമരജീവിതം 10 വർഷം പിന്നിടുന്ന സാഹചര്യത്തിൽ കൊക്കക്കോളയുടെ ആസ്തികൾ കണ്ടുകെട്ടൽ സമരത്തിൽ പങ്കെടുത്ത് ജയിലിൽ പോയ പ്ലാച്ചിമട നിവാസികൾ സംസാരിക്കുന്നു**

# പ്ലാച്ചിമട പറയുന്നു
# ഈ ഭൂമി ഞങ്ങളുടേതാണ്

**ജലാധികാരത്തിനായുള്ള** പ്ലാച്ചിമട ജനതയുടെ സമരജീവിതം 10 വർഷം പിന്നിടുകയാണ്. 2012 ഏപ്രിൽ 22ന് ബഹുരാഷ്ട്ര കോർപ്പറേറ്റ് കൊക്കക്കോളയ്ക്ക് എതിരെയുള്ള തദ്ദേശീയ ഗ്രാമീണ ജനതയുടെ താക്കീത് പ്ലാച്ചിമടയുടെ നഷ്ടങ്ങൾക്കും യാതനകൾക്കും പരിഹാരം തേടി, പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ തേടി 11-ാം വർഷത്തിലേക്ക് കടന്നിരിക്കുന്നു. ആഗോള ജനസമൂഹത്തിന്റെ ഐക്യദാർഢ്യങ്ങൾ ഏറ്റുവാങ്ങിയ ഈ പതിറ്റാണ്ട് പ്ലാച്ചിമടയിലെ ജനകീയ സമരത്തിന് പകർന്നുനൽകിയ രാഷ്ട്രീയമാനങ്ങൾക്ക് മുന്നിൽ കോള കമ്പനിയും കോർപ്പറേറ്റ് വികസനനയങ്ങളും നിരന്തരം പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. സമ്പത്തിന്റെയും അധികാരത്തിന്റെയും ശക്തികൊണ്ട് രാഷ്ട്രീയ സംവിധാനങ്ങളെ അട്ടിമറിക്കുന്നതിനും ജനാധിപത്യത്തെ വിലയ്ക്കെടുക്കുന്നതിനും നയപരമായ തീരുമാനങ്ങൾ തങ്ങൾക്ക് അനുകൂലമാക്കുന്നതിനും കോള ശ്രമിക്കുന്നുണ്ടെങ്കിലും പോരാട്ടം തുടരുക തന്നെ ചെയ്യും എന്ന പ്ലാച്ചിമടയുടെ പ്രഖ്യാപനം ആ അതിമോഹങ്ങൾക്ക് വിലങ്ങിടുന്നു.

കൊക്കക്കോള കമ്പനി അടച്ചുപൂട്ടി എന്നതും കൊക്കക്കോളയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിന് കേരള നിയമസഭ ഒരു ബിൽ പാസ്സാക്കി എന്നതും എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഭൂരിപക്ഷ സമൂഹത്തിന്റെയും പിന്തുണ ആർജ്ജിക്കാൻ കഴിഞ്ഞു എന്നതും പ്ലാച്ചിമട സമരം പിന്നിട്ട പതിറ്റാണ്ടിന്റെ നേട്ടങ്ങളായി തുടരുമ്പോഴും 11-ാം വർഷത്തിലും പ്ലാച്ചിമട സമരം ഉന്നയിച്ച മൗലികമായ ആവശ്യങ്ങൾ പരിഹരിക്കപ്പെടാതെ തുടരുന്നത് ജനാധിപത്യത്തെക്കുറിച്ച് അശുഭസൂചനകളാണ് നൽകുന്നത്, അടിയന്തിരമായി ഇടപെടേണ്ട അശുഭസൂചനകൾ.

2011 ഫെബ്രുവരി 24ന് കേരള നിയമസഭ ഏകകണ്ഠമായി പാസാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ച പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ ഇനിയും രാഷ്ട്രപതി

യുടെ മുന്നിൽ എത്തിയിട്ടില്ല എന്നത് കൊക്കക്കോളയുടെ രാഷ്ട്രീയ സമ്മർദ്ദശേഷിയെയാണ് വെളിപ്പെടുത്തുന്നത്. 2011 ഏപ്രിൽ 4ന് കേന്ദ്ര ആഭ്യന്തരവകുപ്പിൽ എത്തിച്ചേർന്ന ബിൽ ആഭ്യന്തര വകുപ്പിൽ തന്നെ ഇപ്പോഴും ചുറ്റിത്തിരിയുന്നതിന് പിന്നിലെ കോളയുടെ ഇടപെടലുകൾ കൂടുതൽ തെളിഞ്ഞു തുടങ്ങിയിരിക്കുന്നു.

കോള എത്രവമ്പനായാലും പ്ലാച്ചിമട സമരത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിന് അതൊരു പ്രശ്നമല്ല എന്ന പ്രഖ്യാപനമായിരുന്നു 2011 ഡിസംബർ 17ന് പ്ലാച്ചിമടയിൽ നടന്ന കൊക്കക്കോളയുടെ ആസ്തികൾ കണ്ടുകെട്ടൽ സമരം. പ്ലാച്ചിമട സമരത്തിന് നീതിപൂർണ്ണമായ പരിഹാരം കണ്ടെത്തിയില്ലെങ്കിൽ കൊക്കക്കോളയുടെ ആസ്തികൾ കണ്ടുകെട്ടുമെന്ന് പ്രഖ്യാപിച്ച് കോള കമ്പനിക്കുള്ളിൽ പ്രവേശിച്ച് പ്ലാച്ചിമട സമര–ഐക്യദാർഢ്യ പ്രവർത്തകർ അറസ്റ്റ് വരിക്കുകയുണ്ടായി. ജാമ്യം പോലും സ്വയം നിഷേധിച്ച്, സമരത്തിന് തീരുമാനമാകുന്നതിനായി അവർ 22 പേർ ജയിലിൽ കിടുന്നു. പ്ലാച്ചിമടയുടെ ഭൂമി കണ്ടുകെട്ടി ജയിലിൽ പോയവർക്ക് ഐക്യദാർഢ്യവുമായി കേരളമെമ്പാടും പ്രക്ഷോഭങ്ങൾ ഉയർന്നുവന്നു. ഒടുവിൽ, പ്ലാച്ചിടമ ട്രിബ്യൂണൽ യാഥാർത്ഥ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അറിയിച്ചതിനെ തുടർന്നാണ് അവർ ജാമ്യമെടുത്ത് പുറത്തുവന്നത്. എന്നാൽ പ്രതിജ്ഞാബദ്ധമാണെന്നറിയിച്ച സർക്കാർ പ്ലാച്ചിമടയുടെ കാര്യത്തിൽ പിന്നീട് ഒരു തരിമ്പും താത്പര്യമെടുത്തിട്ടില്ല. തുടർന്ന് വീണ്ടും കൊക്കക്കോളയുടെ ഭൂമികണ്ടുകെട്ടുന്നതടക്കമുള്ള ശക്തമായ സമരങ്ങൾക്ക് ഒരുങ്ങുകയാണ് പ്ലാച്ചിമട. കൊക്കക്കോളുടെ ഭൂമി കണ്ടുകെട്ടൽ സമരത്തിൽ പങ്കെടുത്ത്, ജയിലിൽ പോയ സമരപ്രവർത്തകർ സമരാനുഭവങ്ങൾ കേരളീയവുമായി പങ്കുവയ്ക്കുന്നു.

## മുത്തുലക്ഷ്മി അമ്മ, നെല്ലിമേട്, പ്ലാച്ചിമട

കൊക്കക്കോള കമ്പനി പടിച്ചെടുത്ത് സമരം ചെയ്തതിന് ഞങ്ങൾ 22 പേരെയാണ് അന്ന് പോലീസ് കൊണ്ടുപോയത്. ചിറ്റൂരിലെ കോടതിയിലേക്കാണ് ആദ്യം കൊണ്ടുപോയത്. കേസെടുക്കുന്നില്ലെന്നും നിങ്ങൾക്ക് പോകാമെന്നും ജഡ്ജി പറഞ്ഞിട്ടും ഞങ്ങളാരും പോകാൻ തയ്യാറായില്ല. ഞങ്ങൾ വന്നത് കൊക്കക്കോള കമ്പനിയിൽ നിന്നും നഷ്ടപരിഹാരം വാങ്ങുന്ന കാര്യത്തിൽ ഒരു തീരുമാനമാക്കാനാണ്. അതാകാതെ ഞങ്ങൾ പോകില്ല എന്നും പറഞ്ഞു. അങ്ങനെയാണ് കോടതിയിൽ നിന്നും ഞങ്ങളെ ജയിലിലേക്ക് പറഞ്ഞുവിടുന്നത്. ഞങ്ങൾ നാല് സ്ത്രീകളെ പാലക്കാട് ജയിലിലേക്കാണ് കൊണ്ടുപോകുന്നത്. ജയിലിൽ വച്ച് ആദ്യം ഞങ്ങളെക്കൊണ്ട് അവിടെയുള്ള പണികളെടുപ്പിക്കാൻ പോലീസ് ശ്രമിച്ചപ്പോൾ ഞങ്ങൾ എതിർത്തു. ഞങ്ങൾ തടവുകാരൊന്നുമല്ല, ഞങ്ങളെക്കൊണ്ട് പണിയെടുപ്പിക്കാൻ പറ്റില്ലെന്നും പറഞ്ഞു. ഞങ്ങൾ പ്ലാച്ചിമട സമരക്കാരാണെന്ന് ജയിലിലുള്ള പോലീസുകാർക്കെല്ലാം അറിയാമായിരുന്നു. മയിലമ്മയാകാനാണോ ഉദ്ദേശം എന്ന് ഒരു പോലീസുകാരി എന്നോട് ചോദിച്ചു. മയിലമ്മയ്ക്ക് ചെയ്യാനുള്ള കാര്യങ്ങളൊക്കെ ചെയ്ത് അവർ പോയി. പക്ഷെ ഇപ്പോഴും വെള്ളം കിട്ടാതെ ഞങ്ങളുടെ നാട് ദുരിതത്തിലാണ്. അതുകൊണ്ടാണ് സമരം ചെയ്യുന്നത്. അല്ലാതെ മയിലമ്മയാകാനല്ല എന്ന് ഞാൻ ആ പോലീസുകാരിയോട് പറഞ്ഞു.

മകനും മകളും അവളുടെ ഭർത്താവും കുട്ടികളുമാണ് എന്റെ വീട്ടിലുള്ളത്. ഞാൻ സമരത്തിന് പോകുന്നതും ജയിലിൽ പോകുന്നതുമൊന്നും അവർക്കൊരു പ്രശ്നമല്ല. പ്ലാച്ചിമട സമരത്തിൽ പങ്കെടുക്കുന്നവർക്കൊന്നും അങ്ങനെയൊരു പേടിയില്ല.എന്റെ ഭർത്താവ് സമരം തുടങ്ങി ഒരു വർഷം



കൊക്കക്കോളയുടെ ആസ്തികൾ കണ്ടുകെട്ടി അറസ്റ്റുവരിക്കുന്ന മുത്തുലക്ഷ്മി അമ്മ, പാപ്പാൾ, കന്നിയമ്മ (ഇടത് നിന്നും)

കഴിയുമ്പോഴേക്കും മരിച്ചുപോയി. നമ്മളെപ്പോലെയുള്ള പാവങ്ങൾക്ക് ഇതുപോലെയുള്ള കഷ്ടനഷ്ടങ്ങൾ ഇനിയും വരാൻ പാടില്ല. അതുകൊണ്ട് നീ എന്തായാലും സമരത്തിൽ പോകണമെന്നാണ് അദ്ദേഹവും എന്നോട് പറഞ്ഞിരുന്നത്. സമരത്തിന്റെ ഭാഗമായി വീട്ടിൽ നിന്നും ഇതിന് മുമ്പും ദിവസങ്ങളോളം മാറിനിന്നിട്ടുണ്ട്. ജനകീയ ജലാധികാര യാത്രയ്ക്കായി കേരളം മുഴുവൻ പോയത് 28 ദിവസമാണ്. അതുപോലെ എത്രയോ സമരപരിപാടികൾക്ക് പോയി. ഇപ്പോ എനിക്ക് 60 വയസ്സായി. 10 വർഷമായി ഞാൻ സമരത്തിലുണ്ട്. എനിക്ക് ആവുന്നിടത്തോളം കാലം പ്ലാച്ചിമട സമരം ജയിക്കാനായി ഇനിയും ജയിലിൽ പോകാൻ ഞാൻ തയ്യാറാണ്.

## കന്നിയമ്മ, വിജയനഗർ കോളനി, പ്ലാച്ചിമട

ചിറ്റൂർ കോടതിയിൽ വച്ച് ഒപ്പിട്ടുകൊടുത്തിട്ട് പോകാൻ ഞങ്ങളോട് പറഞ്ഞതാണ്. പക്ഷെ സമരത്തിന് തീരുമാനമില്ലെങ്കിൽ ഞങ്ങളെ ജയിലിലേക്ക് തന്നെ വിടാൻ ഞങ്ങൾ പറഞ്ഞു. അങ്ങനെയാണ് ഞങ്ങൾ സ്ത്രീകളെ പാലക്കാട് ജയിലിലേക്ക് കൊണ്ടുപോകുന്നത്. ജയിലിൽ വച്ച് പോലീസുകാരെല്ലാം മാന്യമായിട്ടാണ് പെരുമാറിയത്. അവർക്കെല്ലാം പ്ലാച്ചിമടയെക്കുറിച്ച് അറിയാം. കൊക്കക്കോളയുടെ കൈയിൽ നിന്നും നഷ്ടപരിഹാരം എത്രയും വേഗം വാങ്ങാമെന്ന് സർക്കാർ ഉറപ്പ് പറഞ്ഞിട്ടാണ് ഞങ്ങൾ ജയിലിൽ നിന്നും പോരുന്നത്. എന്നിട്ട് ഇപ്പോഴും അനക്കമൊന്നുമില്ല. ഇനിയും സമരം ചെയ്യുകയും ജയിൽ പോവുകയുമൊക്കെ വേണ്ടിവരുമെന്നാ തോന്നുന്നത്.

പ്ലാച്ചിടമ സമരപന്തലില് ഞാനും പാപ്പമ്മാളും എപ്പോഴും ഉണ്ടാകും. സമരപരിപാടികളുള്ളപ്പോഴാണ് പന്തലിൽ കൂടുതൽ ആളുകൾ വരുന്നത്. അല്ലാത്തപ്പോഴെല്ലാം പകല് സ്ത്രീകൾ പണിക്കുപോകും. ഞങ്ങൾ രാവിലെ 8 മണിക്ക് പന്തലിൽ വന്നാൽ വൈകീട്ട് 6 വരെ ഇവിടെയുണ്ടാകും. ഞങ്ങൾ ഇപ്പോൾ പണിക്കൊന്നും പോകുന്നില്ല. ഞങ്ങൾ കൃഷിപ്പണിക്ക് പോയിരുന്ന വയലുണ്ടായിരുന്ന സ്ഥലത്താണ് കോള കമ്പനി ഇപ്പോ നിൽക്കു

ന്നത്. അവിടെയൊക്കെ ഞാറുവലിക്കാൻ പോയിരുന്നവരുടെ പണിയൊക്കെ അന്നേ ഇല്ലാതായി. ലോറി വരുമ്പോൾ വെള്ളം എടുക്കാൻ പോകണം എന്നതാണ്



കൊക്കക്കോളയുടെ ഭൂമിക്കുള്ളിൽ പ്രവേശിച്ച ശക്തിവേലും (ഇടത്) പളനിയും

മറ്റൊരു പ്രശ്നം. പകലാണ് ലോറി വരുന്നത്. അപ്പോൾ വെള്ളം എടുക്കാൻ പോകുന്ന സ്ത്രീകൾക്ക് വെറെ പണിക്കൊന്നും പോകാൻ കഴിയില്ല. വെള്ളം തന്നെയാണ് ഇപ്പോഴും ഇവിടെ വലിയ പ്രശ്നം. ഒരു ദിവസം വന്നാൽ പിന്നെ കുറച്ച് ദിവസത്തേക്ക് വരില്ല.

ഇനിയും ഞങ്ങൾ സമരം ചെയ്യേണ്ടിവരും. ജയിലിലൊന്നും പോകുന്നത് എനിക്ക് പ്രശ്നമല്ല. വീട്ടിൽ ഞാൻ മാത്രമാണ് ഉള്ളത്. ഭർത്താവ് മരിച്ചുപോയി. ആൺകുട്ടികളുണ്ടായിരുന്നവരെല്ലാം കല്ല്യാണം കഴിച്ചുപോയി. ഞാൻ സമരത്തിന് പോകുന്നതിനൊന്നും അവർക്കൊന്നും ഒരു പ്രശ്നവുമില്ല.

## പാപ്പാൾ, വിജയനഗർ കോളനി, പ്ലാച്ചിമട

പ്ലാച്ചിമട സമരത്തിൽ 10 വർഷമായുണ്ടെങ്കിലും ഞാൻ ആദ്യമായാണ് ജയിലിൽ പോകുന്നത്. ജയിൽ പോകുന്നതിന് പേടിയൊന്നുമുണ്ടായിരുന്നില്ല. കമ്പനിക്കുള്ളിൽ കയറി കുടിലുകെട്ടി താമസിക്കുമെന്ന് പറഞ്ഞാണ് ഞങ്ങൾ സമരം തുടങ്ങിയത്. അപ്പോഴേക്കും ഞങ്ങളെ പോലീസ് തടഞ്ഞ് അറസ്റ്റ്ചെയ്ത് കൊണ്ടുപോയി. ഞങ്ങൾ ജാമ്യം വേണ്ടെന്ന് ജഡ്ജിയോട് പറഞ്ഞു. പാലക്കാട് ജയിലിലേക്കാണ് ഞങ്ങൾ സ്ത്രീകളെ കൊണ്ടുപോയത്. ഞങ്ങൾ ജയിൽ പോയിട്ടും സർക്കാറിന് ഞങ്ങളുടെ പ്രശ്നങ്ങളൊന്നും പരിഹരിക്കാൻ കഴിഞ്ഞില്ല. കൊക്കക്കോളയുടെ കൈയിൽ നിന്നും നഷ്ടപരിഹാരം വാങ്ങാൻ ഇപ്പോഴും അവര് ശ്രമിക്കുന്നില്ല. പ്ലാച്ചിമടയിൽ വെള്ളത്തിന് ഇപ്പോഴും പ്രശ്നമാണ്. ലോറി വെള്ളം വന്നാൽ വന്നു എന്നുമാത്രമേയുള്ളൂ. ആട്ടയാംപതി എന്ന സ്ഥലത്ത് നിന്നും നാൽപത് വർഷം മുമ്പാണ് ഞങ്ങളുടെ കുടുംബം പ്ലാച്ചിമടയിൽ വരുന്നത്. അന്ന് ഇവിടെ ഒരു കുഴപ്പവുമുണ്ടായിരുന്നില്ല. കോള കമ്പനി വന്ന ശേഷമാണ് എല്ലാ കുഴപ്പവും. നമ്മൾ പറയുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് വരെ ഞാൻ എന്ത് സമരത്തിനുമുണ്ടാകും.

## ശക്തിവേൽ, തൊട്ടിച്ചുപതി, പട്ടഞ്ചേരി

കോളയുടെ ഭൂമിപിടിച്ചെടുക്കാൻ ഉദ്ദേശിച്ചാണ് അന്ന് ഞങ്ങൾ കമ്പനിക്കുള്ളിൽ ഞങ്ങൾ ചാടിക്കടക്കുന്നത്. ട്രൈബ്യൂണൽ ബില്ല് വന്നിട്ടും ഞങ്ങൾക്ക് നഷ്ടപരിഹാരം തരാനുള്ള നീക്കമൊന്നും നടക്കാത്തതുകൊണ്ടാണ് എന്തെങ്കിലും

ഒരുതീരുമാനമാക്കണം എന്ന് വിചാരിച്ച് കമ്പനിക്കുള്ളിൽ ചാടിക്കടന്നത്. ഞങ്ങൾ 22 പേരെ അന്ന് അറസ്റ്റ് ചെയ്ത് ചിറ്റൂർ സ്റ്റേഷനിലേക്ക് കൊണ്ടുപോയി. സ്റ്റേഷനിൽ നിന്നുതന്നെ വിടാമെന്ന് പേലീസ് പറഞ്ഞതാണ്. ജയിലിൽ പോകാൻ തന്നെയാണ് ഞങ്ങളുടെ തീരുമാനമെന്ന് ഞങ്ങൾ അവരോട് പറഞ്ഞു. തുടർന്ന് കോടതിയിൽ കൊണ്ടുപോയപ്പോഴും കോടതി ജാമ്യത്തിൽ വിടാമെന്ന് പറഞ്ഞതാണ്. പക്ഷെ ഞങ്ങൾ ജാമ്യം വേണ്ടെന്ന് പറഞ്ഞു. കോടതി പറഞ്ഞ കടലാസിൽ ഒപ്പിടാൻ ഞങ്ങൾ തയ്യാറായില്ല. 10 വർഷമായി നടക്കുന്ന

സമരത്തിന് എന്തെങ്കിലും ഒരു തീരുമാനമുണ്ടാക്കാനാണ് ഞങ്ങൾ ഇറങ്ങിത്തിരിച്ചത്. അതുകൊണ്ട് ഞങ്ങൾക്ക് ജാമ്യം വേണ്ട, അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കണമെന്ന് ജഡ്ജിയോട് പറഞ്ഞു. ഒരു മണിക്കൂർ അലോചിക്കാൻ ജഡ്ജി സമയം തന്നു. എന്നിട്ടും ഞങ്ങളുടെ തീരുമാനം അതുതന്നെയായിരുന്നു. ഞങ്ങൾ ജയിൽ പോകാൻ തയ്യാറായാൽ മാത്രമെ പ്ലാച്ചിമട ട്രിബ്യൂണലിന്റെ കാര്യത്തിൽ എന്തെങ്കിലും തീരുമാനമുണ്ടാകൂ എന്നതായിരുന്നു അവസ്ഥ. ചിറ്റൂർ സബ്ജയിലിലേക്കാണ് ആദ്യം കൊണ്ടുപോയത്. അവിടെ ഞങ്ങൾ നിരാഹാര സമരം ആരംഭിക്കാൻ പോവുകയാണ് എന്ന് പറഞ്ഞപ്പോൾ ഞങ്ങളെ അവിടെ നിന്നും വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി. വിയ്യൂരിൽ ഞങ്ങൾ നിരാഹാര സമരം ആരംഭിച്ചു. പ്ലാച്ചിമട സമരക്കാർ ജയിലിൽ നിരാഹാര സമരം കിടക്കുന്നതറിഞ്ഞ് പല രാഷ്ട്രീയ നേതാക്കളും ഞങ്ങളെ വന്നുകണ്ട് ഞങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് പറഞ്ഞു. ട്രിബ്യൂണൽ ബിൽ എത്രയും വേഗം പാസ്സാക്കാമെന്ന് പറഞ്ഞ് മന്ത്രി ജയിലിലേക്ക് ഫാക്സ് വഴി അറിയച്ച ശേഷമാണ് ഞങ്ങൾ നിരാഹാര സമരം അവസാനിപ്പിച്ചത്.

പ്ലാച്ചിമട സമരത്തിന് വേണ്ടി പല രീതിയിലുള്ള മാർച്ചുകളിലും പിക്കറ്റിംഗിലുമൊക്കെ പങ്കെടുത്തിട്ടുണ്ടെങ്കിലും ആദ്യമായാണ് ജയിലിൽ പോകുന്നത്. ജയിലിൽ കഴിയുന്ന മറ്റുള്ളവർ ഞങ്ങൾ പ്ലാച്ചിമടക്കാരെ അത്ഭുതത്തോടെയാണ് നോക്കിയിരുന്നത്. പ്ലാച്ചിമട സമരത്തെക്കുറിച്ച് അവിടെയുള്ള കുറ്റവാളികൾക്ക് വരെ അറിയാമായിരുന്നു. ജയിലിൽ പച്ചക്കറി കൃഷി ചെയ്തിരുന്ന സ്ഥലത്തിനോട് ചേർന്നുള്ള സെല്ലിലാണ് ഞങ്ങളെ പാർപ്പിച്ചിരുന്നത്. പകൽ പണികൾക്ക് വേണ്ടി തുറന്നുവിടുന്നവരെല്ലാം പച്ചക്കറിത്തോട്ടത്തിലെത്തുമ്പോൾ ഞങ്ങളുടെ അടുത്തുവന്ന് പ്ലാച്ചിമടയുടെ കാര്യങ്ങൾ സ്ഥിരമായി തിരക്കുമായിരുന്നു. സ്പിരിറ്റ് കടത്തി പിടിയിലായവർ മുതൽ കൊലക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ടവർ വരെ അക്കൂട്ടത്തിലുണ്ടായിരുന്നു. പ്ലാച്ചിമട സമരക്കാർ ഇത്രയും പേർ സ്വയം അറസ്റ്റ് വരിച്ച് ജയിലിൽ വന്നത് അവിടെയുള്ള പോലീസുകാർക്ക് വരെ അത്ഭുതമായിരുന്നു. സമരത്തിന്റെ കാര്യങ്ങളെല്ലാം അറിഞ്ഞശേഷം പോലീസുകാരൊക്കെ വളരെ മാന്യമായാണ് ഞങ്ങളോട് പെരുമാറിയത്.

പ്ലാച്ചിമടയ്ക്കടുത്തുള്ള തൊട്ടിച്ചുപതിയിലാണ് ഞാൻ താമസിക്കുന്നത്. കമ്പനി നിൽക്കുന്ന റോഡിന് ഇപ്പുറത്തുള്ള ആ പ്രദേശം പട്ടഞ്ചേരി പഞ്ചായത്തിലാണ് വരുന്നത്. അവിടെ കുടിലവെള്ള ക്ഷാമം വളരെ രൂക്ഷമാണ്. 2002 ൽ സമരം തുടങ്ങിയ കാലം മുതൽ ഞാൻ സമരത്തിലുണ്ട്. കുടുംബത്തിൽ ഭാര്യയും മൂന്ന് കുട്ടികളുമാണുള്ളത്. കുടുംബത്തിന്റെ കാര്യങ്ങൾ മാറ്റിവച്ചിട്ടാണ് എപ്പോഴും സമരത്തിന് വരാറുള്ളത്. ജയിലിൽ പോകാൻ സാധ്യതയുണ്ടെന്ന കാര്യവും വീട്ടിൽ സൂചിപ്പിച്ചിരുന്നു. അതുകൊണ്ട് അവർക്ക് പേടിയൊന്നുമുണ്ടായിരുന്നില്ല. കൊയ്ത്തുപണി കഴിഞ്ഞ സീസണിലാണ് അറസ്റ്റുണ്ടായത്. കൊയ്ത്തു സീസണിൽ 10–15 ദിവസം ഞാറുവലിക്കാൻ പോയാൽ മൂന്നുമാസം കഞ്ഞികുടിക്കാനുള്ള നെല്ല് കിട്ടും. പണമല്ല, നെല്ലാണ് ഈ പ്രദേശത്ത് കൂലിയായി കിട്ടുന്നത്. അതുകൊണ്ട് ജയിലിൽ പോയാലും വീട്ടുകാരുടെ കഞ്ഞികുടിമുട്ടുമെന്നൊന്നും എനിക്ക് പേടിയില്ലായിരുന്നു.

കൊക്കക്കോളയുടെ ഭൂമിക്കുള്ളിൽ ചാടിക്കടന്ന് അത് പിടിച്ചെടുത്തതായി അന്ന് ഞങ്ങൾ പ്രഖ്യാപിച്ചതാണ്. സർക്കാർ സമരത്തിന്റെ കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കിയില്ലെങ്കിൽ ഇനിയും ഞങ്ങൾ കമ്പനിക്കുള്ളിൽ ചാടിക്കടക്കും. പക്ഷെ, ഇനി കടന്നാൽ കൊന്നാലും അവിടെ നിന്നും ഇറങ്ങില്ല.

### പളനി, പ്ലാച്ചിമട കോളനി, പ്ലാച്ചിമട

ഞാനും ആദ്യമായാണ് ജയിലിൽ പോകുന്നത്. പോലീസ് കേസെല്ലാമായിട്ട് കോടതിയിൽ ഒരുപാട് തവണ പോയിട്ടുണ്ട്. അറിവില്ലാത്തകാലത്ത് പാർട്ടിക്കാർക്കെല്ലാം വേണ്ടി അടിപിടി നടത്താനെല്ലാം അവർ ഞങ്ങളെ ഉപയോഗിച്ചിരുന്നു. അങ്ങനെ വന്ന കേസായിരുന്നു അതെല്ലാം. പ്ലാച്ചിമടക്കാർക്ക് നഷ്ടപരിഹാരം നൽകാൻ കോള കമ്പനി തയ്യാറാകാത്ത സാഹചര്യത്തിലാണ് ഞങ്ങൾ കമ്പനിക്കുള്ളിൽ ചാടിക്കടന്നത്. പോലീസ് പിടിക്കുമെന്ന പേടിയൊന്നും ഞങ്ങൾക്കുണ്ടായിരുന്നില്ല. സർക്കാർ എന്തെങ്കിലും തീരുമാനമെടുക്കണമെങ്കിൽ ഇങ്ങനെയെല്ലാം സമരം ചെയ്യണമെന്ന സ്ഥിതിയാണുള്ളത്. ഭാര്യയും മകനുമാണ് വീട്ടിലുള്ളത്. ഭാര്യ മുത്തുലക്ഷ്മിയും സമരത്തിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. ജയിലിൽ പോയ സമയത്ത് പ്ലാച്ചിമട സമരക്കാരാണ് എന്റെ കുടുംബത്തെ സഹായിച്ചത്. ഞാൻ അറസ്റ്റിലാകുന്നതൊന്നും അവർക്കൊരു പ്രശ്നമായിരുന്നില്ല.

ഇനിയും കമ്പനിക്കുള്ളിൽ ചാടിക്കടന്ന് സമരം ചെയ്യേണ്ടിവരും എന്ന സ്ഥിതിയാണുള്ളത്. ഇനി ചാടിക്കടന്നാൽ അവിടെ കുടിലുകെട്ടി താമസിക്കും. കൊക്കക്കോള കമ്പനി നഷ്ടപരിഹാരം നൽകാതെ അവിടെ നിന്നും ഇറങ്ങില്ല. പ്ലാച്ചിമടക്കാരെല്ലാവരും കൂടിച്ചേർന്നാൽ അതൊരു വലിയ സമരമാക്കാൻ കഴിയും. കൊക്കക്കോള ഇവിടെ നിന്നും ഓടും.

### തട്ടകപ്പെരുമ: കോവിലൻ അനുസ്മരണം

കോവിലന്റെ രണ്ടാം ചരമ വാർഷികം ദേശപ്രതിരോധത്തിന്റെ കഥയൊരുക്കുന്നവരുടെ ഒത്തുകൂടലായി ആചരിക്കുന്നു. 2012 ജൂൺ 1,2,3 തീയതികളിൽ തൃശൂർ സാഹിത്യ അക്കാദമി അങ്കണത്തിൽ വച്ചാണ് പരിപാടികൾ നടക്കുന്നത്. **ജൂൺ 3ന്** നടക്കുന്ന **കേരളത്തിലെ ജനകീയ സമരങ്ങളുടെ ഒത്തുചേരൽ** പരിപാടിയിൽ വിവിധ സമരപ്രവർത്തകർ പങ്കെടുക്കുന്നു. കേവിലന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ ആക്ടിവിസ്റ്റ് ഇന്ത്യ പുരസ്കാരം ഇറോം ശർമ്മിളയ്ക്ക് കൊൽക്കത്തയിൽ വച്ച് മഹാശ്വേതാദേവി സമ്മാനിക്കും.

### ലാലൂർ മാലിന്യ വിരുദ്ധ സമരം വീണ്ടും

മേയ് 23 തൃശൂർ കോർപ്പറേഷന് മുന്നിൽ സത്യാഗ്രഹം. മെയ് 27ന് സംസ്ഥാന തല മാലിന്യ വിരുദ്ധ കൺവെൻഷൻ, തൃശൂർ പൂർണ്ണോദയ ഹാൾ. ബന്ധങ്ങൾക്ക്: 9656019523

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand, Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com